## ഗസ്റ്റ് ഹൗസുകളുടെ അറ്റകുറ്റപ്പണികൾ

**60 (4001)** ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രധാനപ്പെട്ട പല ഗസ്റ്റ് ഹൗസുകളും വാസയോഗ്യമല്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഗസ്റ്റ് ഹൗസുകളുടെ അറ്റകുറ്റപ്പണികൾ അടുത്ത കാലത്ത് നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഉടൻ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്.

## ഗസ്റ്റ് ഹൗസുകളുടെ വാടക നിരക്ക്

**61 (4002)** ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗസ്റ്റ് ഹൗസുകളിലെ റൂമുകളുടെ നിലവിലുള്ള വാടക നിരക്ക് വെളിപ്പെടുത്തുമോ ;

(ബി) ഏതെല്ലാം വിഭാഗക്കാർക്കാണ് സൗജന്യ നിരക്ക് അനുവദിച്ചിട്ടുള്ളത് ;

(സി) വാടക നിരക്ക് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) അനുബന്ധം I ആയി ചേർക്കുന്നു.*

(ബി) സൗജന്യനിരക്ക് അനുവദിച്ച വിഭാഗക്കാരുടെ പട്ടിക ഉൾപ്പെട്ട സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധം II ആയി ചേർക്കുന്നു.*

(സി) തൽക്കാലം ഉദ്ദേശമില്ല.

## ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ പ്രവർത്തനം മെച്ചമാക്കാൻ നടപടി

**62 (4003)** ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുള്ള ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ;

(ബി) ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾക്ക് സർക്കാർ നൽകി വരുന്ന സഹായങ്ങൾ എന്തൊക്കെയാണ് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly